അതുകൊണ്ട് അടിയന്തരമായി ഇതിന് സാങ്ഷൻ കൊടുത്ത് കടൽഭിത്തി നിർമ്മിച്ച് ഉദുമ, ചെമ്മനാട് പഞ്ചായത്തിലെ പടിഞ്ഞാറുഭാഗത്ത് ജീവിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. അല്ലെങ്കിൽ വലിയ പ്രക്ഷോഭവുമായി മുന്നോട്ടുപോകേണ്ടിവരുമെന്നാണ് ആ നാട്ടിലെ ജനങ്ങൾ പറയുന്നത്. കാഞ്ഞങ്ങാട്-കാസർഗോഡ് ദേശീയപാതയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് കടൽ, മറുഭാഗത്ത് ദേശീയപാത, ഇതിന് രണ്ടിനുമിടയിൽ താമസിക്കുന്നയാളുകൾ ജീവിക്കാൻ കഴിയാത്തതീതിയിൽ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഒരു കാരണവശാലും മുമ്പ് തന്നതുപോലുള്ള ഒരു മറുപടി പറഞ്ഞുപോകരുത്. ഈ മാസം തന്നെ സാങ്ഷൻ കൊടുത്ത് പണി പൂർത്തീകരിക്കാനാവശ്യമായ ഏർപ്പാടുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ പഞ്ചായത്തിൽ കടലാക്രമണത്തിൽ റോഡുതകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ പൊവ്വൽ, കൊപ്പൽ എന്ന സ്ഥലത്ത് 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിലെ കടലാക്രമണ സാധ്യതയെക്കുറിച്ച് ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 500 മീറ്ററിന് ഉടൻ തന്നെ അനുമതി നൽകുന്നതാണ്.

V മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7967, പന്ത്രണ്ടാം സമ്മേളനത്തിലെ 551, പതിമൂന്നാം സമ്മേളനത്തിലെ 3035 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly